# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-958/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-958/2023 തീയ്യതി: 08/11/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2022 മുതൽ 06-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി. എം.യു. ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽ രാജ് ആർ., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. കൃഷ്ണദാസ് എൻ. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോയ്സൺ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോർജ്ജ് ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. നവാസ് എസ്. | സെക്രട്ടറി | 01-04-2022 | 02-10-2022 |
| ശ്രീമതി. സീന പി. ആർ. | സെക്രട്ടറി | 03-10-2022 | 29-12-2022 |
| ശ്രീമതി. മേരിപ്രഭ എ.ഐ. അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-12-2022 | 26-01-2023 |
| ശ്രീ. രാജേന്ദ്രൻ പി.കെ. | സെക്രട്ടറി | 27-01-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജീവ് പി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-04-2022 |
| ശ്രീമതി. സിന്ധുമോൾ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 26-04-2022 | 11-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി. മേരിപ്രഭ എ.ഐ. | അസിസ്റ്റന്റ് സെക്രട്ടറി | 12-11-2022 | 31-03-2023 |
| ശ്രീമതി. മേരി ക്രിസ്റ്റി കെ.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 25-05-2022 |
| ശ്രീമതി. ചിത്രലേഖ ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-05-2022 | 20-08-2022 |
| ശ്രീ. അനീഷ് ബാബു ബി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 21-08-2022 | 31-03-2023 |
| ഡോ. രജിത വിൻസെന്റ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ഗ്ലാഡി എം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ആതിര കെ.കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജോൺസൺ മാത്യൂ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അസ്മി പി.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫിസർ , പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ഭരത് പ്രവീൺ | മെഡിക്കൽ ഓഫിസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. സിജോഷ് ജോർജ്ജ് | വി.ഇ.ഒ. | 01-04-2022 | 21-07-2022 |
| ശ്രീ. മനോജ് കെ. | വി.ഇ.ഒ. | 22-07-2022 | 31-08-2022 |
| ശ്രീ. ജോമിത് തോമസ് | വി.ഇ.ഒ. | 01-09-2022 | 31-03-2023 |
| ശ്രീ. നൗഷാദ് ബി. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. കിരൺ വി. ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | Prior Period ഇനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയില്ല | 1-1-3 |
| 5 | ഡിമാന്റ് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | Other Liabilities എന്ന ശീർഷകത്തിലെ തുകയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഫണ്ട് വിനിയോഗം | 1-3 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് | 1-3-2 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | ക്ഷേമ പദ്ധതികൾ | 1-6 |
| 14 | കാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | ഓഡിറ്റ് ഇംപാക്ട്-പഞ്ചായത്ത് ഓഫിസ് വൈദ്യുതീകരണത്തിനായി കരാറുകാരൻ അധികം കൈപ്പറ്റിയ തുക സർക്കാരിലേക്ക് തിരിച്ചടച്ചു | 1-9 |
| 17 | തനത് വിഭവ സമാഹരണം -അവലോകനം | 1-10 |
| 18 | ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-11 |
| 19 | തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു | 1-12 |
| 20 | പെർമിറ്റ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്ത് ഇടാക്കിയില്ല | 1-13 |
| 21 | വാടകയിനത്തിൽ കുടിശ്ശിക | 1-14 |
| 22 | ഇ- ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-15 |
| 23 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-16 |
| 24 | GST ഇനത്തിൽ അധിക ചെലവ് സംബന്ധിച്ച് | 1-17 |
| 25 | സ്റ്റീൽ പ്രവൃത്തിക്ക് അധികം തുക നൽകിയത് സംബന്ധിച്ച് | 1-18 |
| 26 | വി.ഇ.ഒ. നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ | 1-19 |
| 27 | ഓഫിസ് ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന വാടക-പ്രോജക്ട് രൂപീകരിച്ച് അംഗീകാരം നേടാതെ പദ്ധതി നടപ്പിലാക്കി | 1-20 |
| 28 | ജീവിതശൈലി രോഗനിർണ്ണയം പദ്ധതികൾ- സാധന സേവന സമാഹരണം- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-21 |
| 29 | ഹെൽത്ത് മിഷൻ ഗ്രാന്റ് വിനിയോഗം അപാകതകൾ | 1-22 |
| 30 | ഓവർസിയർ തസ്തികയിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരിയെ പി.എസ്.സി. വഴി ഒഴിവ് നികത്തിയിട്ടും ജോലിയിൽ തുടരാൻ അനുവദിച്ചു | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I). 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.07.2023-ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം 13.07.2023-തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും, ലഭിച്ചതുമായ വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 08.11.2023 | ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി |

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

### 1-1-2 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല

1) പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശങ്ങൾ ചേർക്കുന്നില്ല.

ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. B-7/B-12/B-18/B-11/B-14/B-5 എന്നീ ശീർഷകങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

2) B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് തുകകളുടെ വിശദാംശം ലഭ്യമല്ല. അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചേർത്തിട്ടില്ല. അതിനാൽ ഈയിനത്തിലെ നീക്കിയിരിപ്പ് ₹3670289/-ന്റെ കൃത്യത വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

3) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

4) ബാലൻസ് ഷീറ്റ് ബി14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് 0/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 58, 4(എ)). (ഓഡിറ്റ് എൻക്വയറി 10/9.8.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

1-1-3 Prior Period ഇനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയില്ല

Prior Period ഇനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാക്ഷ്യപ്പെടുത്തിയ ജേർണൽ വൌച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

1-1-4 ഡിമാന്റ് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2) ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3) വാടക ഡിമാന്റ് രജിസ്റ്റർ

4) ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

5) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല)

1-1-5 Other Liabilities എന്ന ശീർഷകത്തിലെ തുകയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി4 പ്രകാരം 320100999 എന്ന ശീർഷകത്തിൽ ₹57,86,937/-യുടെ ബാധ്യതയുള്ളതായി കാണുന്നു. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി 10/9.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | 2022-23-ലെ ബജറ്റ് | 2022-23-ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 19/03/2022-ലെ 1-ാം നമ്പർ തീരുമാനം | 28/02/2023-ലെ 1-ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 26/03/2022 ലെ 2(1)-ാം | 14/03/2023 ലെ 4-1-ാം |

| | നമ്പർ തീരുമാനം | നമ്പർ തീരുമാനം |
|---|---|---|
| മുന്നിരിപ്പ് | ₹5026054/- | ₹5026054/- |
| വരവ് | ₹340220000 /- | ₹356774856/- |
| ആകെ വരവ് | ₹345246054/- | ₹ 361800910/- |
| ആകെ ചെലവ് | ₹ 340000000/- | ₹ 358031000/- |
| മിച്ചം | ₹5246054/- | ₹3769910/- |

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 4,03,55,370 | 4,03,55,370 | 36305671 | - |
| | എസ്.സി.പി | 0 | 30,41,000 | 30,41,000 | 2886573 | - |
| | റ്റി.എസ്.പി. | 0 | 54,20,001 | 54,20,001 | 5419398 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8180940 | 10633000 | 18813940 | 4036825 | 14777115 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 1570344 | 7510359.10 | 9080703.10 | 8156339.61 | 924363.49 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 10274000 | 10274000 | 9450934 | - |
| | റോഡ് | 0 | 14859000 | 14859000 | 14693559 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 1470975 | 1413612 | 2884587 | 89625 | 2794962 |
| | ടോട്ടൽ സാനിറ്റേഷൻ (320300115) | 360000 | | 360000 | 0 | 360000 |
| | ടോട്ടൽ സാനിറ്റേഷൻ (320300103) | 620000 | | 620000 | 0 | 620000 |
| | പശ്ചിമഘട്ട വികസനം | 303313 | 2147 | 305460 | 0 | 305460 |
| | കോർപ്പസ് ഫണ്ട് (SCP) (320200102) | 394000 | | 394000 | 0 | 394000 |
| | എസ്.എസ്.എ | 48445 | | 48445 | 48445 | 0 |
| | നാഷണൽ ഹെൽത്ത് മിഷൻ | 0 | 559591 | 559591 | 404419 | 155172 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 1722382 | | 1722382 | 1378840 | 343542 |
| | ജലനിധി | 908829 | 1438074 | 2346903 | 985652 | 1361251 |
| | ലൈഫ് ഭവനപദ്ധതി | 3280000 | 4060000 | 7340000 | 3542600 | 3797400 |
| | എം. എൽ. എ. ഫണ്ട് | 14608 | | 14608 | 0 | 14608 |
| | ജവഹർഭവന പദ്ധതി | | | | 0 | 0 |
| | സാക്ഷരത | 27688 | | 27688 | 0 | 27688 |
| | കുടുംബശ്രീ | | | 0 | 0 | 0 |
| മറ്റ് ഫണ്ടുകൾ | ബ്ലോക്ക് വിഹിതം(Joint Venture) | 7132421 | | 7132421 | 4345740 | 2786681 |
| | ബ്ലോക്ക് വിഹിതം | 300000 | | 300000 | | 300000 |
| | ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 25658 | | 25658 | 0 | 25658 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

എ) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ,

ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 4,03,55,370 | 4218265 | 1357800/- | 34779305 |
| വികസനഫണ്ട് (SCP) | 30,41,000 | 382378 | 0 | 2658622 |
| വികസനഫണ്ട് (TSP) | 54,20,001 | 1058418 | 0 | 4361583 |

ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

## 1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/അക്കൗണ്ട് ഹെഡ് | തുക₹ |
|---|---|---|
| 1 | നാഷണൽ ഹെൽത്ത് മിഷൻ (320100139) | 155172 |
| 2 | പശ്ചിമ ഘട്ട വികസന പദ്ധതി (320100186) | 305460 |
| 3 | പട്ടികജാതി വികസന പദ്ധതി-(320200102) കോർപ്പസ് ഫണ്ട് (കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം) | 394000 |
| 4 | ലിറ്ററസി ഗ്രാന്റ് (320100197) | 27688 |
| 5 | ശുചിത്വ മിഷൻ (320100198) | 343542 |
| 6 | ജലനിധി (320300102) | 1361251 |
| 7 | ടോട്ടൽ സാനിറ്റേഷൻ (320300103) | 620000 |
| 8 | വിമുക്തി, ലൈഫ് ഭവന പദ്ധതി തുടങ്ങിയവ(320300199) | 3797400 |
| 9 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (320700404) | 300000 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (320700204) | 2786681 |
| 11 | മറ്റ് ഗ്രാന്റുകൾ (ആയുർവേദ ഡിസ്പെൻസറി) (ഹോമിയോ ഡിസ്പെൻസറി)(320200207, 320200208) | 9,00,000 |
| 12 | മറ്റ് ഗ്രാന്റുകൾ | 25658 |

പ്രസ്തുത തുകകൾ യഥാവിധി ചെലവഴിക്കുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. ഈ തുകകൾ ഏത് ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന വിവരം ലഭ്യമായിട്ടില്ല. മാത്രമല്ല, ഓരോ ഹെഡിലും ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ ഏതൊക്കെ വകുപ്പുകളിൽ നിന്ന് ലഭിച്ചതാണെന്നും പ്രത്യേക പദ്ധതികളുടെ വിവരങ്ങളും ലഭ്യമായിട്ടില്ല. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 233 | 182736800 | 189 | 103473882 | 44 | 81.11 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 30 | 20 | 21847203 | 13939397 | 10 | 63.80 |
| 2. | അസി.എൻജിനീയർ | 134 | 107 | 52713090 | 38560906 | 27 | 73.15 |
| 3. | വെറ്ററിനറി സർജൻ | 5 | 5 | 2159812 | 1161769 | 0 | 53.79 |
| 4. | കൃഷി ഓഫീസർ | 10 | 10 | 7583332 | 6073390 | 0 | 80.08 |
| 5. | എം.ഒ., പി.എച്ച്.സി | 11 | 9 | 3248006 | 2787048 | 2 | 85.80 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5 | 8443165 | 5005813 | 2 | 59.28 |
| 7. | വി.ഇ.ഒ. | 16 | 15 | 73874760 | 26588194 | 1 | 35.99 |
| 8. | എം.ഒ., ഹോമിയോ | 3 | 3 | 550000 | 528446 | 0 | 96.08 |
| 9. | ഹെഡ്മാസ്റ്റർ | 8 | 7 | 1810433 | 1584159 | 1 | 87.50 |
| 10. | എം.ഒ., ആയുർവ്വേദം | 2 | 2 | 2275000 | 2237019 | 0 | 98.33 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 7293999 | 4619956 | 2 | 63.33 |
| 12 | അസി.സെക്രട്ടറി | 3 | 3 | 578000 | 299205 | 0 | 51.76 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 360000 | 88580 | 0 | 24.60 |
| | ആകെ | 233 | 189 | 182736800 | 103473882 | 44 | 56.62 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 44298933 | 36305671 | 81.95 |
| | പട്ടിക ജാതി വിഭാഗം | 3725189 | 2886573 | 77.49 |
| | പട്ടിക വർഗ്ഗ വിഭാഗം | 6588759 | 5419398 | 82.25 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 30187778 | 15054910 | 49.87 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 2896720 | 1708420 | 58.97 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 21200000 | 3542600 | 16.71 |
| തനത് ഫണ്ട് | | 2501492 | 711610 | 28.44 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 13250000 | 10752094 | 81.14 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 8913100 | 1291107 | 14.48 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 17366960 | 14693559 | 84.60 |
| | റോഡിതരം | 11617101 | 9450934 | 81.35 |
| മറ്റിനം | | 19531332 | 1354950 | 6.93 |
| ആകെ | | 182736800 | 103473882 | 56.62 |

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5096 | 1719645 | 1724741 | 1724741 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24701999 | 24701999 | 24701999 | |

1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 27134400 | 2983 |
| കർഷകതൊഴിലാളി പെൻഷൻ | 6412600 | 609 |
| വിധവാ പെൻഷൻ | 9848800 | 1045 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 243200 | 26 |
| വികലാംഗ പെൻഷൻ | 4112400 | 383 |

1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹22518/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിച്ചിട്ടില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

4. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ട നടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. ഇക്കാര്യം മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുവാൻ പര്യാപ്തമായ രീതിയിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

5. പദ്ധതികൾ നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

6. പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

8. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സ് ഇനം തിരിച്ചും ലഭ്യമല്ല.

9. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വായ്പയിനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

വിവിധ ആവശ്യങ്ങൾക്ക് വാങ്ങിയ സാധന സാമഗ്രികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

10. തനത് വരുമാനം

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

1-9 ഓഡിറ്റ് ഇംപാക്ട്-പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണത്തിനായി കരാറുകാരൻ അധികം കൈപ്പറ്റിയ തുക സർക്കാരിലേക്ക് തിരിച്ചടച്ചു

ഗ്രാമ പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണ പ്രവൃത്തിയിൽ ക്വോട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതുമൂലം കരാറുകാരന് ₹4498/-അധികം നൽകിയിരുന്നു. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം. 13/09.8.2023) നൽകിയതിനെ തുടർന്ന് കരാറുകാരൻ പ്രസ്തുത തുക ചെലാൻ നം.KL015389997202324M/10.08.23 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്

1-10 തനത് വിഭവ സമാഹരണം -അവലോകനം

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. അതുകാരണം തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് (2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60)).

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നികുതി നികുതിയേതര വരുമാനങ്ങൾ

എ) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല.

തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത്

ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച നൽകിയിട്ടില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

സി) വസ്തു നികുതി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലിരിക്കുന്ന അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01/04/2011 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാണ്. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഒരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2013 ലെ സ.ഉ. (അച്ചടി) 5/2023/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 9/5/2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 4(1) നമ്പർ തീരുമാനപ്രകാരം താല്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും നിശ്ചയിച്ചിട്ടില്ല. 02-05-2023ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ LSGD/PD/20073/ 2023-REV2 പ്രകാരം വസ്തു നികുതി പരിഷ്കാരവുമായി ബന്ധപ്പെട്ട് നിർദ്ദേശിച്ച സമയബന്ധിതമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 7-ാം ഉപവകുപ്പ് പ്രകാരം ഭൂപ്രദേശങ്ങളെ മേഖലകളായി ചുവടെ ചേർക്കും പ്രകാരം തരം തിരിച്ച് മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1. പ്രഥമ മേഖലകൾ (Prime Zones) (അതായത് സർക്കാർ, അർദ്ധസർക്കാർ ആഫീസുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ്സ്റ്റാന്റ്, ആശുപത്രി, എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ, അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ)

2. ദ്വിതീയ മേഖലകൾ (Secondary Zones) (അതായത്, പ്രഥമ മേഖലകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസന സാദ്ധ്യതകളുള്ള പ്രദേശങ്ങൾ)

3. തൃതീയ മേഖലകൾ (Tertiary Zones) (അതായത്, പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങൾ)

വിവിധ റോഡുകളെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഒന്നാം തരം റോഡ്, ജില്ലാറോഡ്, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന രണ്ടാം തരം റോഡ് എന്നിങ്ങനെ തരം തിരിക്കേണ്ടതാണ്.

പരിഷ്കരിച്ച വസ്തു നികുതി നിരക്ക് അന്തിമമായി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

<u>കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പുനർ നിർണ്ണയം</u>

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ, സിവിൽ, ഐ.ടി.ഐ സർവയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനായി പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

1. പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

1-11 ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

2022-23 വർഷം വസ്തു നികുതി നിർണയിച്ച് നമ്പർ നൽകിയ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | വാർഡ് നം. | വാർഡ് | കെട്ടിട നമ്പർ | ഉപ നമ്പർ | കെട്ടിട ഉടമസ്ഥൻ |
|---|---|---|---|---|---|
| 1 | 5 | കത്തിപ്പാറത്തടം | 222 | E | SHANTY BABY |
| 2 | 5 | കത്തിപ്പാറത്തടം | 222 | A | SHANTY BABY |

| | | | | | |
|---|---|---|---|---|---|
| 3 | 5 | കത്തിപ്പാറത്തടം | 222 | B | SHANTY BABY |
| 4 | 5 | കത്തിപ്പാറത്തടം | 222 | C | SHANTY BABY |
| 5 | 5 | കത്തിപ്പാറത്തടം | 222 | D | SHANTY BABY |

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

തറ വിസ്തീർണം ( Plinth Area ) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി 2013-14 മുതൽ ഈടാക്കി വരുന്നത് .

| കെട്ടിട നമ്പർ, കെട്ടിട ഉടമസ്ഥൻ | കെട്ടിട ത്തിന്റെ വിസ്തീർണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ട നികുതി | കുറവ് വന്ന നിരക്ക് | കുറവ് വന്ന അടിസ്ഥാന നികുതി | ഇളവ് നിരക്ക് (ശതമാനം) | വർദ്ധന നിരക്ക് (ശതമാനം) | ഇളവ് | വർദ്ധന | കുറവ് വന്ന നികുതി | കുറവ് വന്ന ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|---|---|
| 9/564 , പൗലോസ് | 127 | 50 | 60 | 10 | 1270 | 10 | 20 | 127 | 254 | 1397 | 70 |
| 12/363 , സന്തോഷ് | 118.6 | 50 | 60 | 10 | 1186 | 10 | 20 | 118.6 | 237.2 | 1305 | 66 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം 4, 07/08/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടി സ്വീകരിച്ച് കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 പെർമിറ്റ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്ത് ഇടാക്കിയില്ല

2019ലെ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങളിലെ (സ.ഉ (അ)78/2019 ത.സ്വ.ഭ.വ തീയതി 02.11.2019) ചട്ടം 9(4) പ്രകാരം ഗ്രൂപ്പ് എ-1 വിനിയോഗ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും അല്ലാത്തവയ്ക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫീസ് കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ചയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ജോൺസൺ ഇ.ഡി |
| കെട്ടിട നിർമ്മാണ അനുമതിയ്ക്ക് അപേക്ഷിച്ച തീയതി | 13.09.2022 |
| പെർമിറ്റ് അനുവദിച്ച നമ്പർ/തീയതി | ബി3-ബി.എ(307357)/22 തീയതി 28.09.2022 |
| കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | 246.62 ച.മീ |
| ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ₹1726/- |
| ഈടാക്കിയ പെർമിറ്റ് ഫീസ് | ₹958/- |
| ഈടാക്കാൻ അവശേഷിക്കുന്ന ഫീസ് | ₹768/- |

പെർമിറ്റ് ഫീസിനത്തിൽ ₹768/-കുറവായി ഈടാക്കിയതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം3,07/08/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹768/- കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-14 വാടകയിനത്തിൽ കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകയ്ക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ/മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | തുക |
|---|---|---|---|---|---|
| കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് | | | | | |
| 1. | KTD-12 | ശ്രീ. സന്തോഷ് | 2000 + ജി.എസ്.ടി. 360 | 11/2022 മുതൽ 2/2023 വരെ | 9440 |

ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 2, 07/08/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 ഇ- ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2019-20 വർഷം മുതൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് ഇടുക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിട്ടുള്ളത്

ഇ-ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-16 റോഡ് കണക്ടിവിറ്റി മാപ്പിംഗ് സമയബന്ധിതമായി പൂർത്തിയാക്കിയില്ല

റോഡ് കണക്ടിവിറ്റി മാപ്പിംഗ് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 31.10.22-ലെ PAN/3173/2021-JI(DP) നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിരുന്നു. ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും പദ്ധതി നടപ്പാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി R-Track Data Collection And Processing 30.11.22 നകം പൂർത്തിയാക്കേണ്ടതായിരുന്നു. ആസ്തി റോഡ് മാപ്പിംഗ് സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 9/9.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആസ്തി റോഡ് മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

1-17 GST ഇനത്തിൽ അധിക ചെലവ് സംബന്ധിച്ച്

എ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ - | S0061/22-23 |
| പ്രോജക്റ്റ് | കിഴങ്ങാനം റോഡ് റീ ടാറിംഗ് |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | പി.എസ്. രാജീവ് |
| അളവ് പുസ്തകം | E- എം.ബുക്ക് |
| കരാർ നമ്പർ | 48/AE/LSGD/KJZY/21-22 23.02.22 |
| Cost Index - | 41.53% |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ/ | 22100652010600916017<br><br>16.12.22<br><br>₹299570/- |
| അടങ്കൽ തുക ₹ | 750000/- |

23.2.2022 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 15.12.22-ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 3 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

GST -12%

Part Bill – 412482

GST -12% – 49498

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 252324

GST -18% – 45418

യഥാസമയം ബിൽ അനുവദിച്ചിരുന്നെങ്കിൽ GST -12% പ്രകാരം ₹ 30279/- അനുവദിച്ച് നൽകിയാൽ മതിയായിരുന്നു.

യഥാസമയം ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ്

45418 – 30279 = ₹15139/-

ബി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ - | 805/22-23 |
| പ്രോജക്റ്റ് | അട്ടിക്കളം കട്ടപ്പൻ സിറ്റി തങ്കപ്പൻ സിറ്റി റോഡ് റീ ടാറിംഗ് |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | ജോർജ്ജ് വർക്കി |
| അളവ് പുസ്തകം | E- എം.ബുക്ക് |
| കരാർ നമ്പർ | 44/AE/LSGD/KJZY/21-22 23.02.22 |
| Cost Index - | 41.53% |
| ബിൽ റഫറൻസ് നമ്പർ/ | 22100652010600911127<br><br>12.12.2022<br><br>₹ 749861/- |
| അടങ്കൽ തുക | ₹ 750000/- |

23.2.2022 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 11.12.22 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 4 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 635475

GST -18% -114386

GST -12% – 76257

യഥാസമയം ബിൽ അനുവദിച്ചിരുന്നെങ്കിൽ GST -12% പ്രകാരം അനുവദിച്ച് നൽകിയാൽ മതിയായിരുന്നു.

യഥാസമയം ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് –

114386– 76257 = ₹38129/-

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിൽ വന്ന അധിക ചെലവ് ക്രമീകരിക്കേണ്ടതാണ്. യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/8.8.23) മറുപടി ലഭ്യമാക്കിയില്ല.

1-18 സ്റ്റീൽ പ്രവൃത്തിക്ക് അധികം തുക നൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | 75-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി<br>പ്രോജക്ട് നമ്പർ 294/21-22 |
| അളവ് ബുക്ക് നമ്പർ | 345/21-22 |
| കരാറുകാരൻ | ജോർജ്ജ് വർക്കി |
| കരാർ നമ്പർ | 77/AE/LSGD/KJZY/21-22 30.03.22 |
| അടങ്കൽ തുക | ₹200000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം ) |
| ബിൽ റഫറൻസ് നമ്പർ/തീയതി/തുക | 22100652010601524551<br>28.03.2023, ₹200000/- |

6-ാം വാർഡിൽ 75-ാം നമ്പർ അങ്കണവാടി അറ്റകുറ്റപ്പണി നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലാണ് പദ്ധതി ഏറ്റെടുത്തിരുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) GI പൈപ്പ് ഉപയോഗിച്ചുള്ള പോസ്റ്റ് സ്ഥാപിക്കുന്ന സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി

GI പൈപ്പ് ഉപയോഗിച്ചുള്ള പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് (91.61 *കിലോഗ്രാം)* പ്രൈസ് സോഫ്റ്റ്‌വെയറിൽ 10.1 പ്രകാരമുള്ള ₹105.72*/കിലോഗ്രാം നൽകുന്നതിന് പകരം (Structural Steel Work In Single Section, Fixed With Or Without Connecting Plate, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer All Complete) 10.16.1* പ്രകാരമുള്ള *₹176.20/കിലോഗ്രാം എന്ന നിരക്കാണ് നൽകിയിരിക്കുന്നത്.*

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹74.7 |
| കോസ്റ്റ് ഇൻഡക്സ്<br>41.53% | ₹31.02 |
| ആകെ | ₹105.72 |

| *നൽകിയ നിരക്ക് ₹* | നല്കാവുന്ന നിരക്ക്₹ | അധികം നൽകിയത്₹ |
|---|---|---|
| *91.61 X 176.20 =16141.62* | *91.61 X 105.72=9685* | 6456.68<br>18% GST =1162.20<br>7619/- |

2) പർലിൻ ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

ട്രസ്സ് പ്രവൃത്തിക്ക് (Builtup) അനുവദനീയമായത് പ്രൈസ് കോഡ് 50.10.1 അനുസരിച്ചുള്ള OD നിരക്കും പർലിൻ ഉൾപ്പെടെയുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് നൽകാവുന്നത് പ്രൈസ് കോഡ് 50.10.2 അനുസരിച്ചുള്ള നിരക്കുമാണ് (Steel Work For Purlin/single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete). എന്നാൽ പ്രസ്തുത പ്രവർത്തിയിലെ പർലിന് (179.14 കിലോ ഗ്രാം.അളവ് ബുക്ക് പേജ്നം.3 ഇനം.1) 10.16.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ട്രസ്സ് വർക്കിന്റെ നിരക്കാണ് (₹176.20/കിലോഗ്രാം) നൽകിയിരിക്കുന്നത്.

Sp.50.10.2-ന് നൽകാവുന്ന നിരക്ക്

| | |
|---|---|
| അടിസ്ഥാന നിരക്ക് | ₹112.35 |
| കോസ്റ്റ് ഇൻഡക്സ്<br>41.53% | ₹46.65 |
| ആകെ | ₹159 |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ നിരക്ക് ₹ | നൽകേണ്ട നിരക്ക്₹ | അധികം നൽകിയ നിരക്ക് ₹ | അധിക തുകയുടെ ബാധകമായ GST 18% | ആകെ അധികം നൽകിയത് ₹ |
|---|---|---|---|---|
| 179.14 X 176.20<br>= 31564.46 | 179.14 X 159<br>= 28483.26 | = ₹3081 | 554.58 | 3636 |

ആകെ അധികം നൽകിയ തുക = ₹11255/- (₹7619/+ 3636)

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 8/09.08.2023) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനായി കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 വി.ഇ.ഒ. നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

1. വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചു

പ്രൊജക്റ്റ് നം-S0057/23-വീട് മെയിന്റനൻസ്-പട്ടിക വർഗ വിഭാഗം (SO)

അടങ്കൽ- ₹4,60,000/-

ചെലവ്- ₹4,43,000/-

ബിആർഎൻ നം-22100652012800246006/28.6.22 തുക- ₹1,50,000/-

ബിആർഎൻ നം-22100652012800334020/20.7.22 തുക-₹1,60,000/-

-22100652012800667454/19.10.22 തുക-₹50,000/-

-22100652012800804617/22.11.22 തുക-₹50,000/-

-221006520128001475927/25.03.23 തുക-₹33,000/-

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ/ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | തുക ₹ |
|---|---|---|
| 1 | ജെയിംസ് ഒ.ജെ. ഒറ്റപ്ലാക്കൽ ഹൗസ്, വെൺമണി | 50,000/-(2022-23)<br>50,000/-(2021-22) |
| 2 | ശാമുവേൽ ഔസേഫ്, കുറ്റിപ്ലാക്കൽ ഹൗസ്, കീരിത്തോട് | 50,000/-(2022-23)<br>50,000/-(2021-22) |
| 3 | സരോജിനി ഗോപാലൻ, പട്ടോലിയ്ക്കൽ ഹൗസ്, മൈലപ്പുഴ | 50,000/-(2022-23)<br>50,000/-(2021-22) |
| 4 | ജസ്സി അനീഷ്, ഓലികരോട്ട്, ആൽപ്പാറ | 50,000/-(2022-23)<br>50,000/-(2021-22) |
| 5 | എലിയാമ്മ വർഗ്ഗീസ്, താഴത്തു ഹൗസ്, മുണ്ടൂർ | 50,000/-(2022-23)<br>50,000/-(2021-22) |
| 6 | മോഹനൻ, മാരടിയിൽ ഹൗസ്, വെൺമണി | 50,000/-(2022-23)<br>50,000/-(2021-22) |
| 7 | ജോൺസൻ ചാക്കോ, പനയ്ക്കൽ ഹൗസ് | 10,000/-(2022-23)<br>50,000/-(2021-22) |

എഞ്ചിനിയറുടെ/ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/10.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മുകളിൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തിയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം (ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനിയറുടെ/ഓവർസിയറുടെ) ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ജാതി സാക്ഷ്യപത്രമില്ലാതെ തുക അനുവദിച്ചു

പ്രൊജക്ട് നം-S0097/23- ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി - പട്ടികജാതി

അടങ്കൽ- ₹84,00,000/-

ചെലവ്- ₹33,45,000/-

ബിആർഎൻ നം-22100652012800132305/25.5.22 തുക- ₹2,60,000/-

-22100652012800166782/4.6.22 തുക- ₹80,000/-

-22100652012800246012/28.6.22 തുക- ₹60,000/-

-221006520128009576936/26.9.22 തുക- ₹365,000/-

-22100652012800648251/14.10.22 തുക- ₹3,90,000/-

-22100652012800862487/5.12.s22 തുക- ₹4,70,000/-

-22100652012800801151600/5.12.22 തുക- ₹2,30,000/-

-22100652012800801345501/14.03.23 തുക- ₹5,20,000/-

-22100652012800801476790/25.03.23 തുക- ₹5,30,000/-

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ജാതി സാക്ഷ്യപത്രം ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | തുക ₹ |
|---|---|---|

| | | |
|---|---|---|
| 1 | ജയകുമാർ പി.റ്റി., പായിക്കാട്ട് ഹൗസ്, ചേലച്ചുവട്. | 2,00,000(2021-22)<br><br>2,00,000(2022-23) |
| 2 | അനീഷ് എം, മരുതോലിയിൽ ഹൗസ്, പഴയരിക്കണ്ടം | 40,000(2022-23) |

ജാതി സാക്ഷ്യപത്രം ഇല്ലാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/10.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ജാതി സാക്ഷ്യപത്രം അടിയന്തിരമായി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യക്കേണ്ടതാണ്.

1-20 ഓഫിസ് ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന വാടക-പ്രോജക്ട് രൂപീകരിച്ച് അംഗീകാരം നേടാതെ പദ്ധതി നടപ്പിലാക്കി

2022-23 സാമ്പത്തിക വർഷം ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന വാടകയിനത്തിൽ ₹717264/- തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം./ തീയതി | തുക (₹) |
|---|---|
| 530234/1.4.22 | 67779 |
| 530245/11.5.22 | 52955 |
| 530258/7.6.22 | 46461 |
| 530268/14.7.22 | 74511 |
| 530283/16.8.22 | 87601 |
| 530296/5.9.22 | 70210 |
| 530319/21.10.22 | 63580 |
| 5316888/4.11.22 | 51102 |
| 531702/21.12.22 | 58021 |
| 531721/25.1.23 | 78336 |
| 531736/14.2.23 | 66708 |
| ആകെ | 717264 |

03.09.2022 ലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള സ.ഉ.(സാധാ)നം2493/2012 പ്രകാരം വാഹന വാടകയിനത്തിൽ തനതുഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുകയുടെ വാർഷിക പരിധി ₹75000/-യാണ്. ₹75000/-യിൽ അധികരിച്ചുള്ള ചെലവിന് പ്രോജക്ട് രൂപീകരിച്ച് അംഗീകാരം നേടേണ്ടതുണ്ട്. സർക്കാർ ഉത്തരവു പാലിക്കാതെ ചെലവു നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/10.8.23) മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുവാൻ കഴിയാത്ത വിധത്തിലായതിനാലും ഗ്രാമപഞ്ചായത്തിൽ ഉപതിരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചിരുന്നതിനാലും അടിയന്തിര സാഹചര്യം പരിഗണിച്ചാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയും വാഹനം വാടകയ്ക്ക് എടുക്കുവാൻ കാരണമായിത്തീർന്നു എന്ന് മറുപടിയിൽ കാണുന്നു. ഔദ്യോഗികാവശ്യങ്ങൾക്കായി വാഹനം വാടകയ്ക്കെടുക്കുമ്പോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

1-21 ജീവിതശൈലി രോഗനിർണ്ണയം പദ്ധതികൾ- സാധന സേവന സമാഹരണം- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| പ്രോജക്ട് നം., പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക, ഫണ്ടിനം |
|---|---|---|
| 198/2023, വൃദ്ധരുടെ പരിപാലനം-<br><br>ജീവിതശൈലി രോഗനിർണ്ണയം | 860000 | 790884 |

| | | |
|---|---|---|
| | (വികസന ഫണ്ട്- ജനറൽ) | (വികസന ഫണ്ട്- ജനറൽ) |
| 272/2023, ജീവിതശൈലി രോഗനിർണ്ണയം | 400000<br>(വികസന ഫണ്ട്- ജനറൽ) | 398314<br>(വികസന ഫണ്ട്- ജനറൽ) |

ഇടുക്കി- കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ജീവിതശൈലി രോഗനിർണ്ണയത്തിനും ചികിൽസ ലഭ്യമാക്കുന്നതിനുമായി പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയും ലാബ് പരിശോധന നടത്തുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വച്ച് നടത്തുന്ന മെഡിക്കൽ ക്യാമ്പ് പരിശോധന നടത്തുന്നതിനായി വിവിധ ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്.

DDRC SRL Diagnostic Private Ltd. Ernakulam എന്ന സ്ഥാപനത്തിൽ നിന്നും 2 പദ്ധതികളിലുമായി ആകെ ₹981704/- യുടെ സേവനവും MDC Medical Diagnostic Center Thodupuzha (PULLIKKAL PHARMA) എന്ന സ്ഥാപനത്തിൽ നിന്നും ₹33300/- യുടെ സേവനവും സമാഹരിച്ചിട്ടുണ്ട്. പ്രോജക്റ്റുകൾ 198/2023, 272/2023 എന്നിവ പ്രകാരം അടങ്കൽ തുകകൾ യഥാക്രമം 8.6 ലക്ഷം രൂപയും 4 ലക്ഷം രൂപയുമാണ് എന്നിരിക്കെ സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം ₹25000/-ന് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന നിർദ്ദേശവും സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖയിൽ ഗ്രാമപഞ്ചായത്തുകളിൽ ₹25000/- മുതൽ ₹100000/- വരെ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് 14 ദിവസത്തെ പരസ്യത്തിനുള്ള സമയം നിശ്ചയിച്ചുകൊണ്ട് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കാവുന്നതും കുറഞ്ഞത് 4 ടെണ്ടർ ലഭ്യമാകേണ്ടതുമാണെന്ന് നിർദ്ദേശവും, 100000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കാവുന്നതാണെന്നും ആയതിലേക്ക് 21 ദിവസത്തെ പരസ്യത്തിനുള്ള സമയം നിശ്ചയിക്കുകയും ഇംഗ്ലീഷ്, മലയാളം ദിനപത്രത്തിനൽ പത്രപരസ്യം നിർബന്ധമാക്കുകയും കൂടാതെ 5 ലക്ഷം മുതലുള്ള സാധന സേവന സമാഹരണങ്ങൾക്ക് ഇ- ടെണ്ടർ രീതി അവലംബിക്കേണ്ടതുമാണ് എന്ന നിർദ്ദേശവും പാലിച്ചില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 12/09.08.23). സാധന സേവന സമാഹരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതിന് ചെലവ് തുകയായ ₹1015004/- തടസ്സപ്പെടുത്തുന്നു.

### 1-22 ഹെൽത്ത് മിഷൻ ഗ്രാന്റ് വിനിയോഗം അപാകതകൾ

സ.ഉ(സാധാ) നം.2132/2022/തസ്വഭവ തിയതി 31-8-2022 പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചു.

സ.ഉ.(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം ഇടുക്കി – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം താഴെ ചേർക്കുന്നു.

Support For Diagnostic Infra Structure – 9.36 ലക്ഷം (ലഭ്യമായത് - ₹351573/-)

Grant For Rural Health And Wellness Centres – 4.71 ലക്ഷം (ലഭ്യമായത് - ₹242829/-)

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി ആവിഷ്കരിച്ച പ്രോജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (CHC)

ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് മിഷൻ ഗ്രാന്റ് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 4 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

1) സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 1-9-2022 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച Support For Diagnostic Infra Structure ഗ്രാന്റ് 9.36 ലക്ഷം രൂപയാണെങ്കിലും ലഭ്യമായത് ₹351573/- മാത്രമാണ്, Grant For Rural Health And Wellness Centres ഗ്രാന്റ് 4.71 ലക്ഷം

രൂപയാണെങ്കിലും ലഭ്യമായത് ₹242829/- മാത്രമാണ്.

2) 263/2023 നമ്പർ പദ്ധതി പ്രകാരം 3 ലക്ഷം രൂപ കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷന്റെ അക്കൗണ്ടിലേക്ക് (IFSC- SBIN0008694, AC No. 35792464212) നൽകിയിട്ടുണ്ട് (ബിൽ റിക്വിസിഷൻ നമ്പർ- 5059900401220017/ 25.03.23). ഹെൽത്ത് മിഷൻ ഗ്രാന്റ് കനറ ബാങ്ക് അക്കൗണ്ടിൽ (CNRB0006418, AC No. 110042162406) 29.03.2023 തിയതിയിൽ തുക ഡെബിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് വിവരവും, ഫണ്ടിനവും സുലേഖയിലെ ചെലവ് പത്രികയിലും വെബ് സാംഖ്യയിലും രേഖപ്പെടുത്തിയിട്ടില്ല.

3) 264/2023 നമ്പർ പദ്ധതി പ്രകാരം ₹25240/- വിവിധ ഗുണഭോക്താക്കൾക്ക് 29.03.2023 തിയതിയിൽ ഹെൽത്ത് മിഷൻ ഗ്രാന്റ് കനറ ബാങ്ക് ബാങ്ക് അക്കൗണ്ടിൽ നിന്നും (CNRB0006418, AC No. 110042162406) തുക നൽകിയിട്ടുണ്ട്. (ബിൽ റിക്വിസിഷൻ നമ്പർ- 5059900401220014/ 22.03.23) എന്നാൽ ഫണ്ടിനം സുലേഖയിലെ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

4) 266/2023 നമ്പർ പദ്ധതി പ്രകാരം ₹50000/- വിവിധ ഗുണഭോക്താക്കൾക്ക് 29.03.2023 തിയതിയിൽ ഹെൽത്ത് മിഷൻ ഗ്രാന്റ് കനറ ബാങ്ക് ബാങ്ക് അക്കൗണ്ടിൽ നിന്നും (CNRB0006418, AC No. 110042117467) തുക നൽകിയിട്ടുണ്ട്. (ബിൽ റിക്വിസിഷൻ നമ്പർ- 5059900401220008/ 21.02.23) ഫണ്ടിനം സുലേഖയിലെ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

5) 267/2023 നമ്പർ പദ്ധതി പ്രകാരം ₹226816/- ഗുണഭോക്താക്കൾക്ക് നൽകുന്നതിലേക്കായി (ബിൽ റിക്വിസിഷൻ നമ്പർ- 5059900401220008/ 21.02.23) ബിൽ നൽകിയെങ്കിലും ഹെൽത്ത് മിഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ ആവശ്യമായ തുകയില്ലാതിരുന്നതിനാൽ PFMS വഴി ₹63990/- യുടെ ചെലവ് മാത്രം നടത്തുകയും ₹226845/- യുടെ ചെലവ് വെബ് സാംഖ്യയിൽ രേഖപ്പെടുത്തുകയും ചെയ്തു. തെറ്റായ ചെലവ് വിവരം സാംഖ്യയിൽ നൽകിയിട്ടുണ്ട്.

6) ഹെൽത്ത് മിഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ ആകെ ₹155172/- മാത്രമാണ് നിലവിൽ അവശേഷിക്കുന്നത്, Health Grant Diagnostic Infrastructure ന് ലഭ്യമായ തുകയിൽ (കനറ ബാങ്ക് CNRB0006418 AC No. 110042162406) ആകെ ₹26333/- മാത്രമാണ് അവശേഷിക്കുന്നത്. ബിൽ പ്രകാരം ₹162826/- നൽകാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (നം.14/10.08.23). അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഓവർസിയർ തസ്തികയിൽ താൽക്കാലികമായി നിയമിച്ച ജീവനക്കാരിയെ പി.എസ്.സി. വഴി ഒഴിവ് നികത്തിയിട്ടും ജോലിയിൽ തുടരാൻ അനുവദിച്ചു

ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ ഓഫീസിൽ നിലവിലുള്ള ഓവർസിയർ ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുന്നതിന് 9.07.2019 ലെ 15(1) നമ്പർ ആയി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും 15.07.2019 ലെ ബി-1-30/2019 നമ്പർ നോട്ടീസ് പ്രകാരം ഓവർസിയർ നിയമനത്തിന് അപേക്ഷ ക്ഷണിക്കുകയും ചെയ്തു. 29.07.2019-ലെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ 30.07.2019-ലെ 1/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കുമാരി. അലീന റോയി എന്നയാൾക്ക് നിയമനം നൽകുകയും ചെയ്തു. പിന്നീട് 18.11.2020 ൽ പി.എസ്.സി. വഴി ഒഴിവുണ്ടായിരുന്ന ഓവർസിയർ തസ്തികയിലേക്ക് നിയമനം നടത്തുകയും ഒഴിവ് ഇല്ലാതാകുകയും ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യവും ഗ്രാമ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയും പരിഗണിച്ച് ഓവർസിയർ തസ്തികയിൽ നിയമിച്ച കുമാരി അലീനയെ പിരിച്ചുവിടാതെ ക്ലർക്ക് തസ്തികയിൽ തുടരുവാൻ പഞ്ചായത്ത് കമ്മിറ്റി അനുവാദം നൽകി. അസി.എഞ്ചിനിയറുടെ ഓഫീസിൽ ക്ലർക്ക് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. സ.ഉ(കൈ) നം.50/2022/LSGD തീയതി. 10.3.2022 പ്രകാരം അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് ക്ലർക്കുമാരെ നൽകിയിട്ടില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിനെ തനതു ഫണ്ടിൽ നിന്നും വേതനം നൽകി നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് താൽക്കാലികമായി നിയമിച്ച ക്ലർക്കിന്റെ സേവനം തുടർന്ന് വരുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2022-23 | 400000/- | സമ്പൂർണ്ണ ഭവനം (302/23) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2022-23 | 799907/- | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (118/23) | 799907 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2022-23 | 59600 | ഗോത്ര സാരഥി പദ്ധതി (109/23) | 59600 | |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2022-23 | 31600 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (37/23) | 31600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2022-23 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (37/23) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2022-23 | 999694 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് (118/23) | 999694 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2022-23 | 4980000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി – ജനറൽ (96/23) | 4980000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2022-23 | 2572400 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി പട്ടികജാതി (97/23) | 2572400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2022-23 | 2000000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി പട്ടിക വർഗ്ഗം (98/23) | 2000000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 30.09.2015 | 21180000 | 7100000 | 0 | 1500000 | | 5600000 |
| ലൈഫ് ഭവന പദ്ധതി | - | - | 50900163 | 560000 | 5659062 | 0.00 | 48516708 |

വാർഷിക കണക്കുകൾ പ്രകാരം ലൈഫ് ഭവനപദ്ധതി വായ്പ ഇനത്തിൽ 2021-22 വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക

₹48516708/- ആണ്. 2020-21-ലെ വാർഷിക കണക്ക് പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പയിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക ₹57033103/- ആയിരുന്നു. വായ്പ രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിച്ചിട്ടില്ലാത്തതിനാൽ തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വായ്പ രജിസ്റ്റർ കാലികമാക്കി വായ്പയിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന തുകയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹8736667 |
| പലിശ വരവ് | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | ₹8736667 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹8736667 |

ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തിയിരിക്കുന്ന ₹8736667/- 27.07.2023-ൽ പുതുക്കിയിട്ടുണ്ട്. പലിശയിനത്തിൽ ₹896069/-യുൾപ്പെടെ ₹9632736/-യാണ് ഒരു വർഷത്തേക്ക് പുതുക്കി നിക്ഷേപിച്ചിട്ടുള്ളത്. വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ട്രഷറി | 03.01.2020 | 13 മാസം | 4500000 | FD No.799010500895899 |
| 2 | ട്രഷറി | 03.01.2021 | 13 മാസം | 4236667 | പുതുക്കി നിക്ഷേപിച്ചതിന്റെ രസീത് ലഭ്യമല്ല |
| ആകെ | | | | 8736667 | |

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | തൽസ്ഥിതി വിവരം |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 7.6.6(ii) | 1999-2000 വർഷത്തിൽ എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ₹57,000/- ബാദ്ധ്യത നിശ്ചയിച്ചത് | പഞ്ചായത്തിന് നഷ്ടമായ ₹57,000/- ശ്രീ.ജോർജ് വി.തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.09.2012ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ് |
| | | 2013-14 | 5.2.4(1) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – വിഷയാധിഷ്ഠിത അവലോകനം സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല | ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാപഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട് |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനം | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട് |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികുതി അപാകതകൾ | തൽസ്ഥിതി തുടരുന്നു |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? ഉണ്ട്/ ഇല്ല | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 30 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 661.00 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 661.00 | |
| 2 | 1996-97 | 31 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | 3262.45 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3262.45 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഉണ്ട്/ഇല്ല | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 36 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.25784 Spl.Cell./ SC2/99/ 02.03.01 | 1960 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1960 | |
| 2 | 1996-97 | 37 | ശ്രീ. കെ. പി. അബ്ദുൾ ഖാദർ കഞ്ഞ് സെക്രട്ടറി | LF.25784/ Spl.Cell./ SC2/99/ 03.12.01 | 7532 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7532 | |
| 3 | 2000-01 | 32 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | ലഭ്യമല്ല | 8580 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8580 | |
| 4 | 2000-01 | 33 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 9499 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9499 | |
| 5 | 2000-01 | 34 | ശ്രീ. പി. ജെ. ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | 1139 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1139 | |
| 6 | 2000-01 | 37 | ശ്രീ. ഇ. എ. ആന്റണി സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 13.11.06 | 27476 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27476 | |
| 7 | 2000-01 | 43 | ശ്രീ. ബിജു പി. എൻ. അസി. എൻജിനീയർ | LF.11729/ Spl.Cell./ SC2/05/ 13.11.06/ 14.02.07 | 873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 873 | |
| 8 | 2003-04 | 3-6 | ശ്രീ. കെ. ജെ. ജോൺസൺ അസി. എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | 1403 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1403 | |
| 9 | 2003-04 | 3-7 | ശ്രീ. കെ. ജെ. ജോൺസൺ അസി. | LF.2502/ Spl.Cell./ SC2/08/ | 1881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1881 | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | എൻജിനീയർ | 12.05.10 | | | | | | | | | | | |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹40421429 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹77576839 |
| ആകെ | ₹117998268 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹68650770 |
| നീക്കിയിരിപ്പ് | ₹49347498 |
| (കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 വർഷത്തെ റെസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത് ) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1015004 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1015004 | ഡോ. സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., ഇടുക്കി -കഞ്ഞിക്കുഴി | |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (എണ്ണം) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക (നമ്പർ) |
|---|---|---|---|

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 | 4 | 30, 31, 36, 37 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 | 2 | 29, 33 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 | 5 | 32, 33, 34, 37, 43 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 | 1 | 3-7 |
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 | 2 | 3-6, 3-7 |
| 2006-07 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2006-07/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 1 | 3-3 |
| 2007-08 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2007-08/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 8 | 2-7, 3-5, 3-7, 3-9, 3-11, 3-13, 3-17, 3-18 |
| 2008-09 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2008-09/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 3 | 3-1, 3-4, 3-5 |
| 2009-10 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2009-10/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 6 | 3-1, 3-3, 3-4, 3-5, 3-9, 3-10 |
| 2010-11 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2010-11/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 1 | 3-1 |
| 2011-12 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2011-12/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 6 | 2-4, 3-1, 3-4, 3-6, 3-7, 3-11 |
| 2012-13 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2012-13/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-4, 3-5 |
| 2013-14 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2013-14/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-3, 3-8 |
| 2014-15 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2014-15/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 2 | 3-1, 3-4 |
| 2015-16 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2015-16/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 3 | 2-2, 2-3, 3-6 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.പി.5-1324(2016-17/ അദാലത്ത്- സെപ്റ്റംബർ)/ 2022/13.09.2022 | 12 | 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-13, 3-16, 3-19 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1401/2018/30.4.2019 | 22 | 1-12, 2-1, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.13/984/2019/30.11.2019 /22.02.2020 | 21 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-27, 1-28, 1-29, 1-31, 1-32, 1-33, 4-8 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.11/733/2021/09.09.2021 | 9 | 1-9, 1-11 മുതൽ 1-18 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.11/734/2021/30.09.2021 | 24 | 1-9, 1-11, 1-12, 1-13 മുതൽ 1-27 വരെ, 1-29, 1-30, 1-31, 1-32, 3-1, 3-2 |

| | | | |
|---|---|---|---|
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി5/1619/22 തീയതി. 21.03.2023 | 23 | 1-3, 1-3-1, 1-3-2, 1-3-3, 1-8 മുതൽ 1-23 വരെ, 3-1, 3-2, 3-3 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 12-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Idukki-Kanjikuzhy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Idukki-Kanjikuzhy Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Idukki-Kanjikuzhy Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Non disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1. The Registers, viz., Deposit Register, Advance register, Loan Register, Stock register etc., are not maintained correctly and or does not match with accounts.

2. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.

3. Demand registers are not periodically reconciled with accounts.

4. Liability amount shown in Balance Sheet (B4 schedule) does not match with Asset entry in B17 schedule and the details about the same is not produced.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്